## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2593 10.12.2014-ൽ മറുപടിക്ക്

## ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ അഭാവം

**ചോദ്യം**

ശ്രീ.എം.ഹംസ
,, സി.കൃഷ്ണൻ
,, കെ. ദാസൻ
,, കെ.കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ കടുത്ത അഭാവം സർക്കാരാശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവുകളി ലെല്ലാം തന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും വേണ്ട ഡോക്ടർമാർ എത്രയെന്നും നിലവിലുള്ളവർ എത്രയെന്നും അറിയിക്കാമോ;

(ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, നിലവിലുള്ള സാഹചര്യങ്ങൾക്കനുസൃതമായി ഡോക്ടർമാരുടെ തസ്തികയിൽ ഏറ്റക്കുറച്ചിലുകളു ണ്ടാവുന്നതാണ്. നിലവിൽ സിവിൽ സർജൻ / അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ളവരെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ളവരെ പ്രാഥമികാ രോഗ്യ കേന്ദ്രങ്ങളിലും നിയമിക്കുന്നു. പ്രസ്തുത തസ്തികയിലുള്ള ഡോക്ടർമാരുടെ നിലവിലെ സ്ഥിതി ചുവടെ വിവരിക്കുന്നു.

| തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളവർ |
|---|---|---|
| സിവിൽ സർജൻ | 819 | 738 |
| അസിസ്റ്റന്റ് സർജൻ | 2150 | 1950 |

കൂടാതെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം മുഖേനെയും താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

(സി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് 20.12.2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽവച്ച് നടക്കുന്ന കൗൺസിലിംഗിൽ നിയമനം നൽകി അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. പ്രൊമോഷൻ മുഖേന സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

Sobhy
സെക്ഷൻ ഓഫീസർ